CMFRI Booklet No: 4/2016

भाकृ अनुप
ICAR

सी एम एफ आर आइ
CMFRI

# 2015-ലെ കേരളത്തിലെ മത്സ്യബന്ധനവും മത്സ്യസമ്പത്തും

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം

സി.എം.എഫ്.ആർ.ഐ

കൈപ്പുസ്തകം

ഗുണഭോക്തൃ ശില്പശാലയുടെ ഭാഗമായി പുറത്തിറക്കിയത്

www.cmfri.org.in

CMFRI Booklet No: 4/2016

**2015-ലെ കേരളത്തിലെ മത്സ്യബന്ധനവും മത്സ്യസമ്പത്തും**

ക്രോഡീകരിച്ചത്
ഡോ. രേഖ ജെ നായർ
ഡോ. എൻ അശ്വതി

പ്രസിദ്ധീകരണം:
ഡോ. എ. ഗോപാലകൃഷ്ണൻ
ഡയറക്ടർ
കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
കൊച്ചി 682018

Output of DEM/FMP/03: Development of Fishery Management Plans for Sustaining Marine Fisheries of Kerala and Lakshadweep.

Disclaimer: This is an inhouse publication. The data incorporated herein needs to be processed further and utilized in conjunction with similar data collected in the past and generated in the future.

Publication, Production & Co-ordination:
Library & Documentation Centre

© 2016 Central Marine Fisheries Research Institute

Printed at:
St. Francis Press, Kochi

# 2015-ലെ
## കേരളത്തിലെ
# മത്സ്യബന്ധനവും മത്സ്യസമ്പത്തും


भाकृ अनुप
ICAR

ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ
**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**
പി.ബി. നമ്പർ 1603, എറണാകുളം നോർത്ത് പി.ഒ
കൊച്ചി - 682 018, കേരളം, ഇന്ത്യ

सी एम एफ आर आइ
CMFRI

കേരളത്തിന്റെ കടലിൽ നിന്നും 2015ൽ 4.82 ലക്ഷം ടൺ മത്സ്യം ലഭിച്ചു. ഇത് 2014ലെ അപേക്ഷിച്ച് 0.93 ലക്ഷം ടൺ കുറവായിരുന്നു. 2012ൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളം 2015ൽ മൂന്നാം സ്ഥാനത്താണ്. സമുദ്ര മത്സ്യ ഉത്പാദനത്തിൽ കേരളത്തിന്റെ വിഹിതം 14 ശതമാനമാണ്.




ചിത്രം 1. കേരളത്തിലെ വിവിധ വർഷങ്ങളിലെ മത്സ്യ ലഭ്യത

പിടിക്കപ്പെട്ട മത്സ്യങ്ങളുടെ കണക്ക് ഇനം നോക്കുകയാണെങ്കിൽ ഉപരിതല മത്സ്യങ്ങൾ (pelagic) 61 ശതമാനവും, അടിത്തട്ടു മത്സ്യങ്ങൾ (demersal) 21 ശതമാനവും, കക്കിടി ഇനങ്ങൾ (crustacean) 10 ശതമാനവും കക്ക (molluscan) വർഗ്ഗം 8 ശതമാനവുമാണ്.




## മത്സ്യവിഭവങ്ങളുടെ സ്ഥിതി

2015ൽ കേരളത്തിൽ ഏറ്റവും കൂടുതൽ ഉല്പാദിപ്പിച്ചത് അയലയാണ്. 2014ൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന ചാള 55.88% കുറഞ്ഞ് 2015ൽ 68,431 ടൺ മാത്രമാണ് ലഭ്യമായത്. (ചിത്രം 2)

| മത്സ്യ ഇനം | 2014 | 2015 | +/- |
|---|---|---|---|
| ചാള | 1,55,087 | 68,431 | - |
| പാര, വറ്റപാര | 54,445 | 43,015 | - |
| അയല | 52,053 | 70,079 | + |
| കൂന്തൽ | 48,109 | 38,509 | - |
| ചെമ്മീൻ | 39,500 | 38,006 | - |
| കിളിമീൻ | 23,706 | 42,253 | + |
| കലവ, ഏരി..... | 35,867 | 57,945 | + |
| കൊഴുവ/നത്തോലി | 31,556 | 39,135 | + |
| പാമ്പാട | 25,828 | 12,253 | - |
| ചൂര | 17,719 | 16,668 | - |
| നങ്, മാന്തൽ | 13,637 | 10,559 | - |

ചിത്രം 2. കേരളത്തിലെ പ്രധാന ഇനം മത്സ്യങ്ങളുടെ ലഭ്യത (ടൺ)-2015

കേരളത്തിലെ വിവിധ ജില്ലകളിലെ മത്സ്യലഭ്യതയുടെ കണക്കുകൾ പരിശോധിക്കുമ്പോൾ 2014നെ അപേക്ഷിച്ച് എല്ലാ ജില്ലകളിലും കുറവാണ് കാണുന്നത്.

## റിംഗ് സീൻ മത്സ്യബന്ധനം

68 ഇനം മത്സ്യ ഇനങ്ങൾ വരെ റിംഗ് സീൻ കൊണ്ട് പിടിക്കുന്നു. ആകെയുള്ള മത്സ്യബന്ധനത്തിന്റെ 84 ശതമാനവും ചാളയും അയലയും കൊഴുവയുമാണ്. പക്ഷെ കേരളത്തിന്റെ തെക്കൻ ജില്ലകളിൽ പ്രധാനമായും റിംഗ് സീനുകളിൽ പിടിക്കുന്നത് നന്തൻ, ചെറിയ ചൂര, നെയ്മീൻ കുഞ്ഞുങ്ങൾ, പാമ്പാട, വറ്റ, ചെറിയ ചെമ്മീൻ എന്നിവയാണ്.

### മത്തി

കേരളത്തിലെ മത്തിയുടെ ലഭ്യത 2012ൽ 3.99 ലക്ഷം ടൺ ആയിരുന്നു. ഇത് 2015ൽ 68,431 ടൺ ആയി കുറഞ്ഞു. 2014നെ അപേക്ഷിച്ച് ചാളയുടെ ലഭ്യത 55 ശതമാനത്തോളം കുറഞ്ഞതായാണ് കാണുന്നത്. 2012-15 വർഷത്തെ കാലയളവിൽ മത്തിയുടെ ലഭ്യതയിൽ ഏറ്റവും കുറവ് കണ്ടിരിക്കുന്നത് മലപ്പുറത്തും, തൃശൂരും, കോഴിക്കോടും, കണ്ണൂരുമാണ്. 2015ൽ റിംഗ് സീനിൽ മാത്രം 63,598 ടൺ ചാള ഉത്പാദിപ്പിച്ചിരുന്നു. മൊത്തം ചാളയുടെ 94.1% പിടിക്കുന്നത് റിംഗ് സീനിൽ ആണ്.

കേരളത്തിൽ കഴിഞ്ഞ കൊല്ലം മുട്ടയുള്ള ചാള ജൂൺ-ജൂലൈ മാസങ്ങളിൽ വളരെ കുറച്ചുമാത്രമേ ലഭ്യമായുള്ളൂ. വളർച്ച പൂർത്തിയാക്കാത്ത ചാളയാണ് 2015ൽ അധികവും പിടിച്ചത്. ഇതിൽ 12 ശതമാനവും നിശ്ചിത അളവിൽ താഴെയുള്ള മീനുകളാണ് (MLS). ഇതുകൂടാതെ ഭക്ഷണക്കുറവ് കാരണം കേരള തീരത്ത് കണ്ടുവന്ന ചാളയുടെ വളർച്ച മുരടിച്ചതായിട്ടാണ് പഠനങ്ങളിൽ കണ്ടത്. 2015 എൽ നീനോ പ്രതിഭാസ വർഷമായിരുന്നു.




**ചിത്രം 3 കേരളത്തിൽ മത്തിയുടെ ലഭ്യത (1985-2015)**

### അയല

കേരളത്തിൽ അയലയുടെ ലഭ്യത 2001-ൽ 20,798 ടൺ ആയിരുന്നു. ഇത് 2015-ൽ 70,000 ടൺ ആയി കൂടിയിട്ടുണ്ട്. സംസ്ഥാനത്ത് പിടിക്കുന്ന 50 ശതമാനം അയലയും റിംഗ് സീനിൽ ആണ് കിട്ടുന്നത്. (ചിത്രം 4)




**ചിത്രം 4 - കേരളത്തിൽ അയലയുടെ ലഭ്യത (1985-2015)**

### കൊഴുവ – നത്തോലി

1985-2015 വരെയുള്ള കണക്കുകൾ നോക്കുകയാണെങ്കിൽ 2008ലെ റെക്കോർഡ് (67,790 ടൺ) ലഭ്യതയ്ക്ക് ശേഷം നത്തോലിയുടെ ലഭ്യത ഏറെക്കുറെ ഏറ്റക്കുറച്ചിലുകളോടെ ആയിരുന്നു. പത്തുതരം കൊഴുവ ഇനങ്ങൾ സംസ്ഥാനത്ത് കണ്ടുവരുന്നതായി പഠനങ്ങൾ കാണിക്കുന്നു. മൊത്തം ഉത്പാദനത്തിന്റെ 11.3% റിംഗ് സീനുകളിലാണ് പിടിക്കുന്നത്. ഇതിൽ 28-32% വളർച്ച എത്താത്ത (immature fishes) മീനുകളാണ്.

## സ്രാവ്

കേരളത്തിൽ സ്രാവിന്റെ ലഭ്യത 1994-97 കാലയളവിൽ വളരെയേറെ കുറവായിരുന്നെങ്കിലും, 2005 മുതൽ ഇത് കൂടിയിട്ടുണ്ട്. 2014ൽ 4,310 ടൺ സ്രാവ് കേരളത്തിന്റെ വിവിധ ഹാർബറുകളിൽ ലഭ്യമായിരുന്നു. ഇത് 2015-ൽ 3,481 ടൺ ആയി കുറഞ്ഞു. ഒക്ടോബർ - മാർച്ച് ആണ് സ്രാവുകൾ ഏറ്റവും കൂടുതൽ ലഭ്യമാകുന്നത്. ഏതാണ്ട് 20 തരം സ്രാവുകൾ കേരളത്തിൽ ലഭ്യമാണ്. ഇതിൽ ഏറ്റവും കൂടുതൽ മണ്ടി സ്രാവാണ് *(Carcharhinus falciformis)* വരുന്നത്. (ചിത്രം 5)




**ചിത്രം 5 കേരളത്തിൽ (1985–2015) സ്രാവിന്റെ ലഭ്യത.**

തിരണ്ടിയുടെ ലഭ്യത 2010-നു ശേഷം ഏതാണ്ട് 1966 ടണ്ണോളം വർദ്ധിച്ചു. 82 ശതമാനം മീനുകളും മൾട്ടിഡെ ഹുക്കും ലൈനും ഉപയോഗിച്ച് പിടിക്കുന്നവയാണ്. 15 ഇനം തിരണ്ടികൾ കേരളത്തിൽ ലഭ്യമാണ്. ഇതിൽ ഏകദേശം 40-80% പ്രായപൂർത്തിയാവാനായ തിരണ്ടികളാണ്. (ചിത്രം 6)




**ചിത്രം 6 – കേരളത്തിൽ (1985–2015) തിരണ്ടിയുടെ ലഭ്യത**

## കിളിമീൻ

1985-2015 കാലയളവിൽ കേരളത്തിൽ കിളിമീനിന്റെ ലഭ്യത 20,000 ടണ്ണിന്റേയും 66,500 ടണ്ണിന്റേയും ഇടയിൽ ആയിരുന്നു. ഇതിൽ 2011-നു ശേഷം ലഭ്യത കുറഞ്ഞെങ്കിലും കഴിഞ്ഞ വർഷം 42,220 ടൺ കിളിമീനാണ് പിടിച്ചത്. അതായത് 2014നെ അപേക്ഷിച്ച് 18,547 ടൺ വർദ്ധനവ് (55%). നവംബർ-ഡിസംബർ കാലയളവിൽ പിടിച്ച കിളിമീൻ കുഞ്ഞുങ്ങൾ 50-100 മി.മി. വലുപ്പമേ ഉണ്ടായിരുന്നുള്ളൂ. അതായത് 78-80 ശതമാനവും നിശ്ചിത അളവിൽ താഴെയുള്ള (MLS) മീനുകളാണ്.

## പാമ്പാട

1985-2015 കാലയളവിൽ പാമ്പാടയുടെ ലഭ്യതയിൽ വളരെയേറെ ഏറ്റക്കുറച്ചിലുകൾ കണ്ടിരുന്നു. പ്രത്യേകിച്ചു 2013, ലഭ്യത വളരെ കുറഞ്ഞതായിട്ടാണ് കാണുന്നത്.

## പാര – വറ്റ

ഇനങ്ങളുടെ ലഭ്യത 2001 മുതൽ കുറഞ്ഞതായിട്ടാണ് കാണുന്നത്. 2013 ൽ 67,387 ടൺ മത്സ്യങ്ങൾ ലഭിച്ചിരുന്നെങ്കിലും 2015-ൽ ഇത് 43,014 ടൺ ആയി കുറഞ്ഞു.

## ചെമ്മീൻ

കേരളത്തിൽ ചെമ്മീനിന്റേയും കടൽ ഞണ്ടിന്റേയും ലഭ്യത 2005-നു ശേഷം കുറഞ്ഞതായിട്ടാണ് കാണുന്നത്.

## കൂന്തൽ/കണവ/നീരാളി

എന്നിവ 2010 തൊട്ട് 2014 വരെ വർധനവ് ഉണ്ടായിരുന്നു. എന്നാൽ 2015-ൽ ഇവയുടെ ലഭ്യത 20 ശതമാനം കുറഞ്ഞതായിട്ടാണ് കാണുന്നത്. ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലാണ് ഇവ ഏറ്റവും കൂടുതൽ ലഭിക്കുന്നത് (ചിത്രം 7)




ചിത്രം 7 – കേരളത്തിൽ കൂന്തൽ/കണവ/നീരാളിയുടെ ലഭ്യത

## വിപണനവും വാണിജ്യവും

2015 ൽ കേരളത്തിലെ ലാൻഡിംഗ് സെന്റർ, ചില്ലറ വില്പനതലങ്ങളിൽ രേഖപ്പെടുത്തിയ ശരാശരി മത്സ്യവിലയുടെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ സമുദ്രമത്സ്യോത്പാദനത്തിന്റെ മൊത്തം വിപണിമൂല്യം ലാൻഡിംഗ് സെന്റർ തലത്തിൽ 8,100 കോടി രൂപയും ചില്ലറവില്പനതലത്തിൽ 13,900 കോടി രൂപയുമാണ്. 2014 ലെ വിപണിമൂല്യവുമായി താരതമ്യം ചെയ്യുമ്പോൾ ലാൻഡിംഗ് സെന്റർ തലത്തിൽ 45 ശതമാനവും ചില്ലറവില്പനതലത്തിൽ 68 ശതമാനവും വർദ്ധവ് നേടിയതായി കാണാം.

കേരളത്തിലെ മത്സ്യത്തിന്റെ ശരാശരി വില ഒരു കിലോഗ്രാമിന് 54 രൂപ മുതൽ (കിളിമീൻ) 538 രൂപ (നെയ്യ് മീൻ) വരെ ആയിരുന്നു.

## മത്സ്യ മേഖലയെ സംരക്ഷിക്കാൻ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ/ശുപാർശകൾ

1. ഇപ്പോഴുള്ള മത്സ്യബന്ധനയാനങ്ങളുടേയും വലകളുടേയും ശക്തിയിലും സാങ്കേതിക ക്ഷമതയിലുമുള്ള ക്രമാതീതമായ വർദ്ധനവിനു കർക്കശമായ നിയന്ത്രണങ്ങൾ കൊണ്ടുവരണം. സി.എം.എഫ്.ആർ.ഐ. 6 മാസങ്ങൾക്കുള്ളിൽ സമുചിത യാന സംഖ്യ പുനഃപരിശോധിച്ച് വേണ്ട ഭേദഗതികൾ വരുത്തും.
2. കേരള സംസ്ഥാന സർക്കാർ 2014ലെ വിദഗ്ധ സമിതിയുടെ ശുപാർശകൾ പ്രാവർത്തികമാക്കണം. പ്രത്യേകിച്ച് വള്ളങ്ങളുടെ വലുപ്പം, കുതിര ശക്തി, വലകളുടെ കണ്ണിവലുപ്പം എന്നിവ എല്ലാ വള്ളങ്ങളുടേയും വലകളുടെയും കാര്യത്തിൽ.

3. ചാളയുടെ ലഭ്യതയിലുണ്ടായ കുറവ് പരിഗണിച്ച് പരമാവധി സുസ്ഥിര ഉത്പാദനം (MSY) ആസ്പദമാക്കി വിനിയോഗ പരിധി (Catch Limits) നിർണ്ണയിക്കേണ്ടതാണ്. ചെറിയ ഉപരിതല മത്സ്യങ്ങൾക്കായി ഒരു പുതിയ പരിപാലന വ്യവസ്ഥ സി.എം.എഫ്.ആർ.ഐ. നിർദേശിക്കുന്നതാണ്.
4. ട്രോൾ വലകളുടെ കാര്യങ്ങളിലും മുകളിൽ പറഞ്ഞത് ബാധകമായിരിക്കും.
5. പെയർ ആൻഡ് ബുൾ ട്രോൾ പോലുള്ള സാങ്കേതിക ക്ഷമത വളരെ കൂടുതലായ വലകൾ 12 നോട്ടിക്കൽ മൈലിനുള്ളിൽ അനുവദിക്കാൻ പാടില്ല.
6. കേരളസംസ്ഥാന സർക്കാർ കാര്യക്ഷമമായ വ്യവസ്ഥാപനത്തിനായി ത്രിതല പങ്കാളിത്ത പരിപാലന രീതി ഉടൻ പ്രാവർത്തികമാക്കണം.

## പുറംകടലിൽ പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് തദ്ദേശജന്യമായ ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ പരിചയപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതി.

2016 ലെ സി.എം.എഫ്.ആർ.ഐ. സമുദ്രമത്സ്യമേഖലാ സെൻസസ് വിവരപ്രകാരം ആകെ മത്സ്യ തൊഴിലാളികളുടെ 95 ശതമാനവും പരമ്പരാഗത മത്സ്യ തൊഴിലാളികളാണ്. 12 നോട്ടിക്കൽ മൈലിനുള്ളിലാണ് അവർ സാധാരണ മത്സ്യബന്ധനം നടത്തുന്നത്. കൃഷി കർഷക ക്ഷേമ മന്ത്രാലയം പരമ്പരാഗത മത്സ്യതൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിനു സഹായിക്കാനായി ഒരു പദ്ധതി തയ്യാറാക്കാൻ ഉദ്യമം ആരംഭിച്ചിട്ടുണ്ട്. പുറങ്കടലിൽ ആധുനിക ആഴക്കടൽ മത്സ്യ ബന്ധനക്കപ്പലുകൾ പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് പരിചയപ്പെടുത്തുകയാണ് ഉദ്ദേശം. ഇതിനായി ഭാരതീയ കാർഷിക ഗവേഷണ സമിതിയുടെ മത്സ്യമേഖലാ വിദഗ്ധർ, CMFRI, CIFT, CIFNET, NIFPHATT എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം 04.03.2016 നു CMFRI ൽ കൂടി. ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചത് ട്യൂണ ലൊങ്ങ് ലയിനർ, സ്ക്വിഡ് പേഴ്സ് സീനെർ തുടങ്ങിയവ 200 മീറ്ററിൽ കൂടുതൽ ആഴമുള്ള പ്രദേശങ്ങളിൽ വിഭവാനുസൃതമായി ഉപയോഗിക്കുകയാണ്. അടുത്ത 3 വർഷത്തേക്ക് സർക്കാർ ഈ പദ്ധതിക്കായി നീക്കി വച്ചിരിക്കുന്ന വിഹിതം സബ്സിഡിയും ലോണും ഉൾപ്പെടെ 708 കോടി രൂപയോളം വരും.

### പദ്ധതി രൂപരേഖയുടെ നാല് പ്രധാന ഘടകങ്ങൾ

1. പുറംകടലിൽ പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് തദ്ദേശജന്യമായ പുതിയ ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ പരിചയപ്പെടുത്തുക.
2. പരമ്പരാഗത മത്സ്യതൊഴിലാളികളുടെ പരിശീലനം.
3. മൂല്യ ശൃംഖലകൾ സ്ഥാപിക്കുക (ശീതീകരണ ശൃംഖല/വിപണന മേഖലകൾ കണ്ടെത്തൽ)
4. ഇപ്പോൾ പരമ്പരാഗത മത്സ്യ തൊഴിലാളികൾ ഉപയോഗിക്കുന്ന ആഴക്കടൽ യാനങ്ങളുടെ നവീകരണം.

## ഗുണഭോക്തൃ ശില്പശാലയിൽ ഉരുത്തിരിഞ്ഞ മാർഗ്ഗ നിർദ്ദേശങ്ങൾ

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണന്റെ അധ്യക്ഷതയിൽ സി.എം.എഫ്.ആർ.ഐ.യിൽ വച്ച് 2016 ഏപ്രിൽ 21-ാം തീയതി സംഘടിപ്പിച്ച ഗുണഭോക്തൃശില്പശാലയിൽ ഏതാണ്ട് 50 ഓളം ഗുണഭോക്താക്കളിൽ മത്സ്യഫെഡ് ചെയർമാൻ ശ്രീ.വി.ദിനകരൻ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ.എം. ഏലിയാസ്, സീ ഫുഡ് അസോസിയേഷൻ സെക്രട്ടറി ശ്രീ. എസ്. രാമകൃഷ്ണൻ, ഫിഷറീസ് അസി. ഡയറക്ടർ ശ്രീ. ടി.സജി, കോസ്റ്റ് ഗാർഡ് ഡെപ്യൂട്ടി കമാണ്ടർ ശ്രീ.ജെ.ഡി.ദയാലൻ, സംസ്ഥാന സർക്കാർ ആഫീസർമാർ, കയറ്റുമതിക്കാർ, മത്സ്യമേഖലയിലെ വിവിധ തുറകളിൽ നിന്നുമുള്ള പ്രതിനിധികൾ, വ്യാവസായിക നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

താഴെ പറയുന്ന ഗവേഷണ വാദമുഖങ്ങളും പ്രവർത്തന പദ്ധതികളുമാണ് കേരള സംസ്ഥാനത്തിലെ മത്സ്യമേഖലയുടെ ഉന്നമനത്തിനും മത്സ്യത്തൊഴിലാളിയുടെ ക്ഷേമത്തിനും, സുസ്ഥിര മത്സ്യബന്ധനത്തിന്റെ വികസനത്തിനും വേണ്ടതായ ക്രിയാത്മകവും, സമയോചിതവുമായ സൗകര്യങ്ങൾ സി.എം.എഫ്.ആർ.ആർ. ഐ.യും ഡി.ഒ.എഫ്. യും മുൻകയ്യെടുത്ത് നടപ്പിലാക്കണമെന്ന് ശിബിരത്തിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ വീക്ഷണത്തിൽ നിന്നും ഉയർന്നുവന്നു. ഇവയിൽ പ്രധാനമായവ:

- സുസ്ഥിര മത്സ്യ ബന്ധനത്തിന്റെ വികസനം, മത്സ്യതൊഴിലാളികളുടെ ക്ഷേമം തുടങ്ങിയ പദ്ധതികൾക്കായി സി.എം.എഫ്.ആർ.ഐ. - സംസ്ഥാന ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ചെലുത്തേണ്ടതായ ഇടപെടലുകൾ.
- മത്സ്യ സമ്പത്തിന്റെ സുസ്ഥിര വികസനത്തിനും തീരദേശ ആവാസവ്യവസ്ഥയ്ക്കും വേണ്ടി ഭരണസമൂഹത്തിന്റെ സേവനം ഒരു നയ രൂപീകരണത്തിലൂടെ ഉറപ്പാക്കേണ്ടതാണ്. കൃത്യതയും, സൂക്ഷ്മതയുമുള്ള തുടർപ്രവർത്തനം കാഴ്ചവയ്ക്കുവാനായി സി.എം.എഫ്.ആർ.ഐ. കേരള സംസ്ഥാന സർക്കാരിന്റെ ഫിഷറീസ് വകുപ്പുമായി കൂടിച്ചേരേണ്ടതാണ്.
- 2012 ൽ 3.99 ലക്ഷം ടണ്ണായിരുന്ന മത്തിയുടെ ലഭ്യത 2015 ആയപ്പോഴേക്കും 68,431 ടണ്ണായി ചുരുങ്ങി. സി.എം.എഫ്.ആർ.ഐ യുടെ പഠനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ പാഠം ഉൾക്കൊണ്ട് മത്സ്യക്കുഞ്ഞുങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള മത്സ്യബന്ധനത്തിന് സ്വയം തയ്യാറാവേണ്ടതാണ്.
- കൂന്തൽ, കണവ മുതലായവയുടെ സംരക്ഷണത്തിന് ഏർപ്പെടുത്തിയിരിക്കുന്ന പാര് നിരോധനം നമ്മുടെ സംസ്ഥാനത്തും നടപ്പിലാക്കുവാൻ സംസ്ഥാന മത്സ്യ വകുപ്പിൽ സി.എം.എഫ്.ആർ.ഐ വേണ്ട ഇടപെടലുകൾ നടത്തി മേൽ പറഞ്ഞ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിലേക്കായുള്ള സാധ്യതകൾ കണ്ടെത്തേണ്ടതാണ്.
- രാത്രികാലമത്സ്യബന്ധനവും, ഉഗ്രവെളിച്ചമുപയോഗിച്ചുള്ള മത്സ്യബന്ധനവും പൂർണ്ണമായും നിരോധിക്കേണ്ടതാണ്.

- മത്സ്യ മേഖലയിൽ മലിനീകരണം വളരെ രൂക്ഷമായ ഭീഷണി ഉയർത്തുന്നതിനാൽ മലിനീകരണ തോത് ഒരു നിശ്ചിത പരിധിക്കപ്പുറം ഉയരാതെ നിലനിർത്തേണ്ടതാവശ്യമാണ്.
- സംസ്ഥാനങ്ങളുടെ മത്സ്യബന്ധന ദൂരപരിധി നിർണയിക്കുവാനുള്ള അവകാശം 12 NM-ൽ നിന്നും 25 NM വരെ ആക്കുന്നതിനുള്ള ഏകീകൃത പരിഗണന ആവശ്യമാണ്.
- പരമ്പരാഗത മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആഴക്കടൽ മത്സ്യബന്ധന പരിശീലനം നൽകി ശാക്തീകരിക്കേണ്ടതാണ്.
- വരും വർഷങ്ങളിൽ സി.എം.എഫ്.ആർ.ഐ യുടെ ഹ്രസ്വകാല ഗവേഷണ പദ്ധതികൾ ഗവേഷണപരമായ വാദമുഖങ്ങളിൽനിന്നും എടുത്തവയായിരിക്കണം
- വ്യത്യസ്ത വില നിർണ്ണയ ശൃംഖലയിൽ സ്ത്രീകളുടെ സംഭാവനകളായ പങ്കാളിത്തവും, ഉത്പാദനക്ഷമതയും അളക്കേണ്ടത് ആവശ്യമാണ്.
- വർഷങ്ങളായി വർദ്ധിച്ചു വരുന്ന മത്സ്യോത്പാദനമേഖലയുടെ നഷ്ടങ്ങൾ മത്സ്യബന്ധന ഘടകങ്ങളുടേയും മത്സ്യേതരഘടകങ്ങളുടേയും അടിസ്ഥാനത്തിൽ ആലേഖനം ചെയ്യേണ്ടതാണ്.
- ഉത്പാദകരുടേയും ഉപഭോക്താക്കളുടേയും ഇടയിൽ വിലയിലുള്ള വിസ്തൃതമായ വ്യത്യാസം ഇടനിലക്കാരുടെ വലിയ ചൂഷണം മൂലമാണ്. ഇത് ഒഴിവാക്കികൊണ്ട് മികവുറ്റ കച്ചവടരീതിയുടെ സാധ്യതകൾ പഠിക്കേണ്ടിയിരിക്കുന്നു.
- കേരളത്തിൽ നടപ്പിലാക്കിയിരിക്കുന്നതുപോലുള്ള നിശ്ചിത വലുപ്പത്തിൽ താഴെ (MLS) അഥവാ ഏറ്റവും കുറഞ്ഞ ലീഗൽ സൈസ്, തമിഴ്നാട്ടിലും, കർണാടകയിലും നടപ്പിലാക്കേണ്ടതിന്റെ സാധ്യതകൾ തേടണം.
  തീറ്റക്ക് വേണ്ട മത്സ്യത്തിന് പകരമായി മറ്റു സസ്യ/മൃഗ ആധാരമായ ഉല്പന്നങ്ങൾ ഉണ്ടാക്കാനുള്ള ശ്രമം ആരംഭിക്കണം.
- FAO പദ്ധതിയുടെ കീഴിൽ വികസിതമായ ചെറുകിട മത്സ്യകൃഷിയുടെ പ്രാദേശികനാമം രാജ്യത്താകമാനമുള്ള എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കാനുള്ള തീരുമാനം എടുക്കേണ്ടതാണ്.




Indian Council of Agricultural Research
**Central Marine Fisheries Research Institute**
[Department of Agricultural Research and Education
Ministry of Agriculture and Farmers' Welfare, Govt. of India]
पोस्ट बोक्स सं. 1603, एरणाकुलम नोर्त पी.ओ., कोच्ची - 682018, केरल, भारत
Post Box No. 1603, Ernakulam North P.O, Kochi - 682018, Kerala, India
Phone: 91 484 2394867/2391407, Fax: 91 484 2394909/2396685
Email: director@cmfri.org.in, Web: www.cmfri.org.in